Page 1 of 1

## ചാലക്കുടിയിൽ മൾട്ടി പർപ്പസ് ഷോപ്പിംഗ് കോംപ്ലക്സ്

**158 (3932) ശ്രീ. ബി. ഡി. ദേവസ്സി :** താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാലക്കുടിയിൽ വ്യാപാര പ്രാധാന്യമുള്ള സ്ഥലത്ത് ഹൗസിംഗ് ബോർഡിന്റെ മൾട്ടി പർപ്പസ് ഷോപ്പിംഗ് കോംപ്ലക്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ ?

**ഉത്തരം**

ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിൽ ചാലക്കുടിയിലുള്ള സ്ഥലത്ത് സംയുക്ത സംരംഭ പദ്ധതി നടപ്പിലാക്കാൻ ബിൽഡേഴ്സ്/ഡവലപ്പേഴ്സിനെ കണ്ടെത്തുന്നതിനായി മൂന്നുതവണ നോട്ടിഫിക്കേഷൻ നൽകിയെങ്കിലും ആരും തന്നെ അപേക്ഷ സമർപ്പിച്ചിരുന്നില്ല. ഈ സാഹചര്യത്തിൽ ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് ഈ സ്ഥലത്ത് അനുയോജ്യമായ കൊമേഴ്സ്യൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## കേന്ദ്ര പൊതുമേഖലാ വ്യവസായങ്ങളുടെ പുതിയ യൂണിറ്റുകൾ

**159 (3933) ശ്രീ എളമരം കരീം :** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, കേന്ദ്ര പൊതുമേഖലാ വ്യവസായങ്ങളുടെ ഏതെങ്കിലും യൂണിറ്റ് സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുണ്ടോ ;

(ബി) കേന്ദ്ര പൊതുമേഖലാ നിക്ഷേപം ഏതെങ്കിലും മേഖലയിൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

**ഉത്തരം**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ യൂണിറ്റ് സംസ്ഥാനത്ത് പുതിയതായി ആരംഭിച്ചിട്ടില്ല.

(ബി) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിന്റെയും വിപുലീകരണത്തിന്റെയും ഭാഗമായും ഇന്ത്യയിലും ആഗോളതലത്തിലും വിപണന സാധ്യത ഉറപ്പുവരുത്തുന്നതിനും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly